# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3829 21.06.2018-ൽ മറുപടിക്ക്**

**കോട്ടയം ടെക്സ്റ്റൈൽസിലെ സീനിയോറിറ്റി പ്രശ്നം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കോട്ടയം ടെക് സ്റ്റൈൽസിൽ കാലങ്ങളായി ജോലി ചെയ്യുന്ന ട്രയിനി ജീവനക്കാരെ സ്ഥിരപ്പെട്ടുത്തിയപ്പോൾ അവർക്ക് നൽകേണ്ട സീനിയോറിറ്റി നഷ്ടപ്പെട്ടുകയും എന്നാൽ കാഷ്വൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോറിറ്റി ജോയിനിംഗ് ഡേറ്റ് കണക്കാക്കി നൽകുകയും ചെയ്ത പ്രശ്നം പരിഹരിക്കുന്നതിന് മാനേജ്മെന്റും സർക്കാരും സ്വീകരിച്ചിരിക്കുന്ന നിലപാട് വ്യക്തമാക്കാമോ; | (എ) കോട്ടയം ടെക്സ്റ്റൈയിൽസിൽ സ്ഥിരം തൊഴിലാളികൾക്ക് പുറമേ കാഷ്വൽ തൊഴിലാളികളെ നിയോഗിക്കുന്ന പതിവ് 2007 കാലത്ത് ഉണ്ടായിരുന്നു. ഇവരെ സംബന്ധിക്കുന്ന വിഷയങ്ങൾ(വേതനം, ജോലിക്ക് നിയോഗിക്കൽ, സീനിയോറിറ്റി, സ്ഥാനക്കയറ്റം എന്നിവ സംബന്ധിച്ച്) മിൽ തലത്തിൽ മാനേജ്മെന്റും അംഗീകൃത ട്രേഡ് യൂണിയനുകളും കൂടി 17.02.2007 ൽ ഉഭയകക്ഷി ചർച്ചകൾ പ്രകാരം ഒത്തുതീർപ്പിലെത്തി തർക്കങ്ങൾ പരിഹരിച്ചിട്ടുള്ളതാണ്. |
| (ബി) ഇതു സംബന്ധിച്ച് കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ടോ; ഇതിൽ മാനേജ്മെന്റ് നിലപാട് വ്യക്തമാക്കാമോ; കോടതി നിർദ്ദേശങ്ങൾ മാനേജ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) (സി) & (ഡി) 2007 കാലഘട്ടത്തിൽ അംഗീകൃത യൂണിയൻ അല്ലാതിരുന്ന കോട്ടയം ടെക്സ്റ്റയിൽസ് കാഷ്വൽ വർക്കേഴ്സ് യൂണിയൻ അന്ന് ജോലി ചെയ്തിരുന്ന കാഷ്വൽ തൊഴിലാളികൾക്ക് വേണ്ടി വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട്( സ്ഥിരപ്പെടുത്തൽ, മൂന്ന് ഷിഫ്റ്റുകളിൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ ജോലി ചെയ്യുവാൻ അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ) ജില്ലാ ലേബർ ഓഫീസർ മുമ്പാകെ തർക്കം ഉന്നയിക്കുകയുണ്ടായി. പ്രസ്തുത തർക്കം സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ WP(C)No.30635/2006 നമ്പറായി ഒരു റിട്ട് ഹർജ്ജി ഫയൽ ചെയ്യുകയും ചെയ്തു. ഇതിനെ തുടർന്ന് 26.02.2007 ൽ ഉണ്ടായ വിധിയിൽ എറണാകുളം റീജിയണൽ ജോയിന്റ് ലേബർ |

കമ്മീഷണറോട് 6 മാസത്തിനുള്ളിൽ ചർച്ച ചെയ്ത് പരിഹാരം കാണുവാൻ നിർദ്ദേശിച്ചതിനെ തുടർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ സർക്കാരിന് കോടതി വ്യവഹാരമോ മറ്റ് തർക്കങ്ങളോ നിലവിലില്ല.

(സി) സീനിയോറിറ്റി വിഷയം വ്യവസായ തർക്ക കോടതിയുടെ മുന്നിൽ എത്തിയപ്പോൾ ഉണ്ടായ പരിഹാര നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ആയതു സംബന്ധിച്ച് പരിഹാരം ഉണ്ടാക്കുന്നതിനായി എറണാകുളം ജോയിന്റ് ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; കമ്മീഷണർ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ ടെക്സ്റ്റയിൽ കോർപ്പറേഷനോ കോട്ടയം ടെക്സ്റ്റയിൽസിനോ സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

സെക്ഷൻ ഓഫീസർ